# പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3294

16.12.2015 ലെ
മറുപടിക്ക്

## ന്യൂനപക്ഷ ക്ഷേമ സെല്ലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പ മന്ത്രി) |

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(എ) ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയുടെ ശുപാർശകൾ കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ.പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റിൽ 2008 ഏപ്രിൽ മാസത്തിൽ പൊതുഭരണവകുപ്പിൽ ഒരു ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. (സ.ഉ(കൈ) നം.137/08/പൊ.ഭ.വ തീയതി.22.04.2008). ന്യൂനപക്ഷക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സെല്ലിനെ 2011 ജനുവരി മുതൽ ന്യൂനപക്ഷ ക്ഷേമ വ കുപ്പാക്കി ഉയർത്തി. കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിലെ സമഗ്രമായ ഉന്നമനത്തിനുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളും, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമാണ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നത്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തിക്കുന്നുണ്ടോ; എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) എല്ലാ ജില്ലകളിലേയും ന്യൂനപക്ഷക്ഷേമ സെല്ലുകളെ ജില്ലാ ന്യൂനപക്ഷ ആഫീസുകളായി ഉയർത്തി. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പ രിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനവും , മേൽനോട്ടവും . ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണ പ്രവർത്തനങ്ങളും പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുകയുമാണ് വകുപ്പിന്റെ പ്ര ധാന ചുമതല / ലക്ഷ്യം.ഈ ലക്ഷ്യം നിറവേറ്റുന്നതിനായി ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്, മറ്റ് വിവിധ കോഴ്സുകൾക്കുള്ള സ്കോളർഷിപ്പുകൾ,

| | | | |
|---|---|---|---|
| | | | ഫീ-റീഇംബേഴ്സ്മെന്റ് സ്കീമുകൾ, ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്ക്കീമുകൾ, മദ്രസാദ്ധ്യാപക ക്ഷേമനിധി പെൻഷൻ സ്ക്കീം, വയനാട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കി വരുന്ന ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടിസെക്ടറൽ ഡവലപ്മെന്റ് പ്ലാൻ, ഭവനനിർമ്മാണ പദ്ധതി (വിധവ/വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ടവർക്ക്) എന്നിവ നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തുടനീളം ആയിരം പ്രമോട്ടർമാരുടെ നിയമനവും അവർക്കുള്ള ബോധവൽക്കരണവും, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 12 വയസ്സ് മുതൽ 20 വയസ്സ് വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിൽ വ്യക്തിത്വ വികസന ക്യാമ്പുകൾ (ഒരു ക്യാമ്പിൽ 150 വിദ്യാർത്ഥികൾക്ക് പ്രവേശനം), എല്ലാ ജില്ലകളിലെയും ബി.പി.എൽ വിഭാഗത്തിലെ നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠന മേശ - കസേര വിതരണം, വനിതാസ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം, സൈനിക/ അർദ്ധസൈനിക, പോലീസ് എന്നീ വിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായുള്ള പരിശീലനം എന്നീ പദ്ധതികളും വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലകളിലെ ന്യൂനപക്ഷക്ഷേമ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| (സി) | കേന്ദ്ര - സംസ്ഥാന സർവ്വീസുകളിലെ ന്യൂനപക്ഷ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; എത്ര പേർക്ക് പരിശീലനം നൽകി; വിശദാംശം ലഭ്യമാക്കുമോ? | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നമ്പർ | പരിശീലന കേന്ദ്രങ്ങളുടെ വിലാസവും ഫോൺ നമ്പറും | ക്രമ നമ്പർ | പരിശീലന കേന്ദ്രങ്ങളുടെ വിലാസവും ഫോൺ നമ്പറും |
|---|---|---|---|
| 1 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>മൂന്നാം നില, എസ്.എസ്.കോവിൽ റോഡ്, മേലെ തമ്പാനൂർ, തിരുവനന്തപുരം.<br>ഫോൺ : 0471-2337376 | 9 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>പള്ളിപ്പുറം പോസ്റ്റ്, പാലക്കാട്-678026<br>ഫോൺ : 9446502848 |
| 2 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>ഇടക്കുളങ്കര പി.ഒ, കരുനാഗപ്പള്ളി, കൊല്ലം.<br>ഫോൺ : 0476-2664217 | 10 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>മാസ് കൊമേഴ്സ്യൽ സെന്റർ, ത്രിക്കാവ്, പൊന്നാനി പി.ഒ. മലപ്പുറം.<br>ഫോൺ : 0494-2667388 |
| 3 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>തൈക്കാവ് സ്ക്കൂൾ, പേട്ട, പ ത്തനംതിട്ട-689645<br>ഫോൺ : 0468-2238188 | 11 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>കോളപ്പുറം പി.ഒ., എ.ആർ.നഗർ, മലപ്പുറം.<br>ഫോൺ : 0494-2468176 |
| 4 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>എം.ഇ.എസ്.ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ കോമ്പൗണ്ട്, പുന്നപ്ര.പി.ഒ., ആലപ്പുഴ.<br>ഫോൺ : 0477-2287869 | 12 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>പെരിന്തൽമണ്ണ പി.ഒ., മലപ്പുറം-679322<br>ഫോൺ : 0493-3220164 |
| 5 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>നൈനാർപള്ളി ഷോപ്പിംഗ് കോംപ്ലക്സ്, ഒന്നാം നില, കാഞ്ഞിരപ്പള്ളി, കോട്ടയം.<br>ഫോൺ : 0482-8209960 | 13 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>പുതിയറ, കോഴിക്കോട്.<br>ഫോൺ : 0495-2724610 |
| 6 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>ദായി എ മില്ലത്ത് കോളേജ് ബിൽഡിംഗ്, കാരിക്കോട്, തൊടുപുഴ ഈസ്റ്റ്, ഇടുക്കി-685585<br>ഫോൺ : 0486-2209817 | 14 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം,<br>പഴയ ബസ് സ്റ്റാന്റ് കെട്ടിടം, കൽപ്പറ്റ, വയനാട്-673121.<br>ഫോൺ : 0493-6202228 |
| 7 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>കരീം എസ്റ്റേറ്റ്, ബാങ്ക് ജംഗ്ഷൻ, ടെമ്പിൾ റോഡ്<br>ആലുവ-1, എറണാകുളം.<br>ഫോൺ : 0484-2621897 | 15 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ.വി.എച്ച്.എസ്. ക്യാമ്പസ്, പയ്യന്നൂർ, കണ്ണൂർ.<br>ഫോൺ : 0498-5209677 |
| 8 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>മാലിക് ദിനാർ ഇസ്ലാമിക് കോംപ്ലക്സ്, ശക്തൻ നഗർ, തൃശ്ശൂർ.<br>ഫോൺ : 8943587855 | 16 | മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം<br>ബസ് സ്റ്റാന്റ് ടെർമിനൽ, ചെർക്കള, ചെങ്കള പോസ്റ്റ്, കാസർഗോഡ്.<br>ഫോൺ : 0499-4281142 |

ടി പരിശീലന കേന്ദ്രങ്ങൾ മുഖേന 15,051 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 611 പേർക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ